പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3874 — 21.10.2016 ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയിൽ ചെറുകിട വ്യവസായം ആരംഭിക്കുന്നതിന് സഹായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ. ദാസൻ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| കാർഷിക മേഖലയിൽ ചെറുകിട വ്യവസായം ആരംഭി-ക്കുന്നതിന് സർക്കാരിൽ നിന്ന് ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമാണ്. മാനദണ്ഡങ്ങൾ വിശദമാക്കാമോ? | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| സഹായങ്ങൾ | മാനദണ്ഡം |
| --- | --- |
| (1) സുഗന്ധവ്യഞ്ജനങ്ങൾ ഒഴിച്ചുള്ള എല്ലാ കാർഷിക വിളകളുടെയും മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (എസ്.എഫ്.എ.സി) എന്ന സ്ഥാപനം മുഖേന ധനസഹായം. | (1) പദ്ധതിയുടെ അടങ്കൽ തുക കുറഞ്ഞത് 5.00 ലക്ഷം രൂപയായിരിക്കണം,പരമാവധി പരിധിയില്ല.<br>(2) ധനസഹായ തോത് പദ്ധതി അടങ്കൽ തുകയുടെ 40%; പരമാവധി 10.00 ലക്ഷം രൂപയാണ് . സംരംഭകന് മറ്റ് കേന്ദ്ര ഗവൺമെന്റ് പദ്ധതികളിൽ നിന്നും അധിക ധനസഹായം തേടാവുന്നതാണ്. എങ്കിലും പരമാവധി ധനസഹായം ആകെ പദ്ധതി അടങ്കലിന്റെ 50% ശതമാനത്തിൽ കവിയുവാൻ പാടില്ല. ഭൂമിയുടെ വില പദ്ധതി അടങ്കലിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>(3) പ്രോജക്ട് നിർദ്ദേശം ധനകാര്യ സ്ഥാപനങ്ങൾ വായ്പ നൽകുന്നതിനായി അംഗീകരിച്ചതായിരിക്കണം.<br>(4) വ്യക്തികൾ, സ്വയംസഹായ സംഘങ്ങൾ , ക്ലസ്റ്ററുകൾ, സർക്കാരിതര സ്ഥാപനങ്ങൾ, പങ്കാളിത്ത പദ്ധതികൾ എന്നിവയെ ആനുകൂല്യത്തിനായി പരിഗണിക്കുന്നതാണ്.<br>(5) അപേക്ഷകൻ എതെങ്കിലും ദേശസാൽകൃത/ഷെഡ്യൂൾഡ്/ സഹകരണ /പ്രാദേശിക റൂറൽ ബാങ്ക്/ മറ്റ് ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ (NBFI) എന്നിവയിൽ പദ്ധതിയ്ക്കായി വായ്പ നേടിയിരിക്കണം.<br>(6) അപേക്ഷകൻ പദ്ധതി അടങ്കലിന്റെ 25% ശതമാനം തുകയെങ്കിലും ടേം ലോണായി ധനകാര്യ സ്ഥാപനത്തിൽ നിന്നും നേടിയിരിക്കണം. വായ്പ തുക ഇതിൽ കുറവാണെങ്കിൽ വാങ്ങിയ വായ്പ തുകയ്ക്ക് തുല്യമായ തുക മാത്രമേ സബ്സിഡിയായി അനുവദിക്കുകയുള്ളു.<br>(7) അസംസ്കൃത സാധനങ്ങളുടെ ലഭ്യതയും ഉല്പന്നങ്ങളുടെ വിപണനവും ഉറപ്പാക്കിയിരിക്കണം.<br>(8) പദ്ധതി പ്രൊപ്പോസൽ നിർദ്ദിഷ്ട കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകണം. കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും<br>(9) സബ്സിഡി പദ്ധതി പൂർത്തിയാകുന്നതനുസരിച്ച് SFAC ഉദ്യോഗസ്ഥരുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന്റെ വായ്പ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതാണ്.<br>(10) പദ്ധതി കമ്മീഷൻ ചെയ്യുന്ന തീയതി മുതൽ കുറഞ്ഞത് 5 (അഞ്ച്) വർഷത്തേക്കെങ്കിലും പദ്ധതി നടപ്പിലാക്കണം,അല്ലാത്ത പക്ഷം സബ്സിഡി തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കാൻ അപേക്ഷകൻ ബാധ്യസ്ഥനാണ്. |
| (2) ചെറുകിട കാർഷിക ഉല്പന്ന മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന ധനസഹായം. | പരമാവധി പദ്ധതി അടങ്കൽ തുക 25 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി തുകയായി പദ്ധതി അടങ്കൽ തുകയുടെ 40% ആണ് നൽകുന്നത്. എല്ലാ കാർഷിക വിളകളേയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| | |
| 3. ' മൂല്യവർദ്ധന പദ്ധതി' പ്രകാരം പരമാവധി 2 ലക്ഷം രൂപ വരെ ധനസഹായം | പച്ചക്കറി ഉത്പന്നങ്ങളുടെ മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുന്നതിനായി വൈദഗ്ധ്യ പരിശീലനത്തോടൊപ്പം ചെലവിന്റെ 75% എന്ന നിരക്കിൽ ധനസഹായം നൽകി വരുന്ന സംസ്ഥാന ആവിഷ്കൃത പദ്ധതിയിൽ സംരംഭകത്വ തല്പരരായ കർഷകർക്ക് മുൻഗണന നൽകി വരുന്നു. |
| (4) നീര ഉല്പാദക യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പരമാവധി 50 ലക്ഷം രൂപ വരെ ധനസഹായം | നാളികേര ഉത്പാദക സംഘങ്ങൾ സംരംഭകത്വമുള്ള/കർഷക കൂട്ടായ്മകൾ തയ്യാറാക്കുന്ന പ്രോജക്ടുകൾ എസ്.എഫ്.എ.സി/നാളികേര വികസന ബോർഡ് എന്നിവരുടെ അംഗീകാരത്തോടെ നടപ്പാക്കുന്നവയ്ക്കാണ് ഈ ധനസഹായം നൽകുന്നത്. |

സെക്ഷൻ ഓഫീസർ